**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1235** **18-09-2025 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിൽ നിർമ്മിക്കുന്ന ഇൻഡോർ സ്റ്റേഡിയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ വകുപ്പ് മുഖേന എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയതെന്നും അവയുടെ പുരോഗതി സംബന്ധിച്ച വിവരവും ലഭ്യമാക്കാമോ; | (എ) | ആലപ്പുഴ മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1. ആര്യാട് പഞ്ചായത്ത് ഗ്രൗണ്ടിൽ മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണം**<br><br>ആര്യാട് ഗ്രാമപഞ്ചായത്തിൽ മിനി സ്റ്റേഡിയം സ്ഥാപിക്കുന്നതിനായി 2019 - 20 സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി 5 കോടി രൂപ ഭരണാനുമതി നൽകുകയും 4.77 കോടി രൂപയുടെ സാങ്കേതികാനുമതിയും നല്കുകയും ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ആര്യാട് ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം നിർമ്മാണം പദ്ധതിയ്ക്ക് വേണ്ടിയുള്ള ആദ്യ ടെൻഡർ ക്യാൻസൽ ചെയ്യുകയുണ്ടായി. തുടർന്ന് റീ ടെൻഡർ നടപടികൾ സ്വീകരിക്കുകയും അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനായ ശ്രീ. ടോമി മാത്യുവുമായി കരാറിൽ ഏർപ്പെടുകയും പ്രവൃത്തി ആരംഭിച്ചിട്ടുമുണ്ട്. 9 മാസമാണ് പദ്ധതിയുടെ പൂർത്തീകരണ കാലാവധി. ഈ പദ്ധതിയുടെ ഭാഗമായി പ്രീ എഞ്ചിനീയറിംഗ് ഇൻഡോർ മൾട്ടി പർപ്പസ് കോർട്ട്, ഓഫീസ്, വനിതകൾക്കും പുരുഷൻമാർക്കുമായുള്ള പ്രത്യേക ടോയ്‌ലറ്റ് / ചെയ്ഞ്ച് റൂം സംവിധാനം, ഫിറ്റ്നസ് സെന്റർ, ഇലക്ട്രിഫിക്കേഷൻ എന്നീ സൗകര്യങ്ങളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>54% പ്രവൃത്തികൾ പൂർത്തീകരിച്ചു. ഓഫീസ് / ജിം കെട്ടിടത്തിന്റെ സ്ട്രക്ചറിൽ പ്രവൃത്തികൾ (ഫൗണ്ടേഷൻ, ഭിത്തികൾ, തൂണുകൾ, ബീമുകൾ, മേൽക്കൂര) എന്നിവ പൂർത്തീകരിച്ചു. പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ പുരോഗമിക്കുന്നു. 2026 ജനുവരി മാസത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. |

ആര്യാട് ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം നിർമ്മാണത്തിനായി 09.03.2022 തീയതിയിലെ സ.ഉ.(ആർറ്റി)നം. 52/2022/ എസ് വൈ എ നമ്പർ പ്രകാരം 4202-03-84-01 (P) ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത ശീർഷകത്തിൽ ഫണ്ടില്ലാതിരുന്നതിനാൽ, 27.05.2025 തീയതിയിലെ സ.ഉ.(ആർറ്റി)നം. 4738/2025/ഫിൻ നമ്പർ പ്രകാരം 58,82,000/- കോടി രൂപ 4202-03-102-84-02 (P) ശീർഷകത്തിൽ വകയിരുത്തിയിരുത്തി കൊണ്ട് അഡീഷണൽ ഫണ്ട് അനുവദിക്കുകയും നിലവിൽ CC 1st & Part bill & CC 2nd & Part bill - 1,15,69,244/- (PMC & GST ഉൾപ്പടെ) തുക, കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്.

**2. ജി. എച്ച്. എസ്. എസ്. കണിച്ചുകുളങ്ങര മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണം**

കണിച്ചുകുളങ്ങര ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിൽ മൾട്ടീ പർപ്പസ് മിനി സ്റ്റേഡിയം സ്ഥാപിക്കുന്നതിനായി 2019 - 20 സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി 5 കോടി രൂപ ഭരണാനുമതി നൽക്കുകയും 4.76 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നല്കുകയും ദർഘാസ് ക്ഷണിക്കുകയും ചെയ്തു. കണിച്ചുകുളങ്ങര ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിൽ മൾട്ടീ പർപ്പസ് മിനി സ്റ്റേഡിയം നിർമ്മാണം പദ്ധതിയ്ക്ക് വേണ്ടിയുള്ള ആദ്യ ടെൻഡർ ക്യാൻസൽ ചെയ്യുകയുണ്ടായി. ആയതിനാൽ റീ ടെൻഡർ നടപടികൾ സ്വീകരിക്കുകയും അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനായ ശ്രീ. ടോമി മാത്യൂവുമായി കരാറിൽ ഏർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 9 മാസമാണ് പദ്ധതിയുടെ പൂർത്തീകരണ കാലാവധി.

ഈ പദ്ധതിയുടെ ഭാഗമായി പ്രീ എഞ്ചിനീയറിംഗ് ഇൻഡോർ മൾട്ടീ പർപ്പസ് കോർട്ട്, ഓഫീസ് കെട്ടിടം, കോൺഫറൻസ് ഹാൾ, ഫിറ്റനസ് സെന്റർ, മൂന്നു നിലകളിലുമായി വനിതകൾക്കും പുരുഷൻമാർക്കുമായുള്ള പ്രത്യേക ടോയ്‌ലറ്റ് / ചെയ്ഞ്ച് റൂം സംവിധാനം, ഇലക്ട്രിഫിക്കേഷൻ എന്നീ സൗകര്യങ്ങളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

നിലവിൽ 85% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. (ഓഫീസ് / ജിം കെട്ടിടത്തിന്റെ നിർമ്മാണം 90% വും, ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവൃത്തി 80% പൂർത്തീകരിച്ചു). 2025 ഡിസംബർ മാസത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

കണിച്ചുകുളങ്ങര ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിൽ മൾട്ടീ പർപ്പസ് മിനി സ്റ്റേഡിയം 09.03.2022 തീയതിയിലെ സ.ഉ.(ആർറ്റി)നം. 52/2022/ എസ് വൈ എ നമ്പർ പ്രകാരം 5 കോടി രൂപ 4202-03-84-01 (P) ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത ശീർഷകത്തിൽ ഫണ്ടില്ലാതിരുന്നതിനാൽ ബിൽ തുക ലഭ്യമാകതിരുന്ന കാരണത്താൽ കരാറുകാരൻ മൂന്നു തവണകളായി താത്കാലികമായി പ്രവൃത്തി നിർത്തിവച്ചു. ഇതിനാൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ കാലതാമസം നേരിട്ടു.

നിലവിൽ CC 1$^{st}$ & Part bill & CC 2$^{nd}$ & Part bill & CC 3$^{rd}$ & part bill - 2,33,23,143/- (PMC & GST ഉൾപ്പടെ) തുക, കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്.

3. **ഒരു പഞ്ചായത്ത് ഒരു കളിക്കളം - എസ് ഡി വി സ്കൂൾ കളിസ്ഥലത്തിന്റെ കായിക അടിസ്ഥാന വികസനം**

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി എസ് ഡി വി സ്കൂൾ കളിസ്ഥലത്തിന്റെ കായിക അടിസ്ഥാന വികസനം പ്രവൃത്തിയ്ക്ക് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും കായിക യുവജനകാര്യ ഡയറക്ടറുടെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷവും കൂടി ചേർത്ത് ഒരു കോടി രൂപയുടെ സമഗ്ര ഭരണാനുമതി 16.03.2024 ൽ നല്കിയിരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ 30.04.2024 തീയതിയിൽ 93,89,000/- രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/s. പ്രൈംടെക് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന് 22.10.2024 പ്രവൃത്തിയുടെ വർക്ക് ഓർഡർ നല്കുകയും 01.11.2024 ൽ കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. 6 മാസമാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി.

'കോടതിപാലം' പുനർനിർമ്മിക്കുന്നതിന്റെ ഭാഗമായി പൈൽലോഡ് ടെസ്റ്റ് നടന്നതിനാൽ സൈറ്റിലേക്കുള്ള പ്രവേശനം ബാരിക്കേട് വെച്ച് തടഞ്ഞിരുന്നു. 12.01.2025 നാണ് സൈറ്റിലേയ്ക്കുള്ള പ്രവേശനം സാധ്യമായത്. 12.01.2025 ന് നിർമ്മാണത്തിനായി സൈറ്റ് കൈമാറുകയും 13.01.2025 ന് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു.

| | | | |
|---|---|---|---|
| | | | ഗ്രൗണ്ട് നവീകരണ പ്രവൃത്തികൾ, മഡ് കോർട്ട്, ഡ്രെയിനേജ്, ലോങ് ജംപ്പിറ്റ് സ്റ്റെപ്പ് ഗ്യാലറി, ഫെൻസിംഗ് എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 5% പ്രവൃത്തി (ഗ്രൗണ്ട് ലെവലിംഗ്, സ്റ്റെപ്പ് ഗ്യാലറി) പൂർത്തീകരിച്ചു. ഡ്രെയിനേജിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. 2025 നവംബർ മാസത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.<br><br>കടുത്ത മഴകാരണം ഗ്രൗണ്ടിൽ ഉണ്ടായ വെള്ളക്കെട്ടും, സ്കൂളിന്റെ ഭാഗത്തുനിന്നും ഡ്രെയിനേജിനായുള്ള അധിക പ്രവൃത്തികൾ ഗ്രൗണ്ടിൽ നടന്നതുമൂലം പ്രസ്തുത ഗ്രൗണ്ടിന്റെ പ്രവൃത്തികൾക്ക് കാലതാമസം നേരിട്ടു.<br><br>**4. മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിലെ യുവഭാരത് സാംസ്കാരിക നിലയത്തിൽ വോളീബോൾ കോർട്ടിന്റെയും പുതിയ കെട്ടിടത്തിന്റെയും നിർമ്മാണം.**<br><br>ആലപ്പുഴ മണ്ഡലത്തിലെ മാരാരിക്കുളം യുവഭാരത് സാംസ്കാരിക നിലയം പുതിയ കെട്ടിടവും ഇൻഡോർ വോളീബോൾ കോർട്ടിന്റെ നിർമ്മാണ പ്രവൃത്തിയും 08.09.2025 തീയതിയിൽ പൂർത്തീകരിച്ചു.<br><br>**5. മാരാരിക്കുളം ഉദയകുമാർ സ്മാരക വോളീബോൾ അക്കാഡമിയുടെ നവീകരണം**<br><br>ആലപ്പുഴ മണ്ഡലത്തിലെ ഉദയകുമാർ സ്മാരക വോളീബോൾ കോർട്ട് നിർമ്മാണ പ്രവൃത്തിയും 05.02.2024 തീയതിയിൽ പൂർത്തീകരിച്ചു.<br><br>**6. സെന്റ് അഗസ്റ്റിൻ ഹൈ സ്കൂൾ ഗ്രൗണ്ട് - ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**<br><br>ആലപ്പുഴ ജില്ലയിലെ ആലപ്പുഴ മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി സെന്റ് അഗസ്റ്റിൻ ഹൈ സ്കൂൾ ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയുടെ ഭരണാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന ഇൻഡോർ സ്റ്റേഡിയങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും ഇവയ്ക്ക് ചെലവഴിക്കുന്ന തുക എത്രയെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ? | (ബി) | ആലപ്പുഴ മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1. ആര്യാട് പഞ്ചായത്ത് ഗ്രൗണ്ടിൽ മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണം**<br><br>ആര്യാട് ഗ്രാമപഞ്ചായത്തിൽ മിനി സ്റ്റേഡിയം സ്ഥാപിക്കുന്നതിനായി 2019 - 20 സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി 5 കോടി രൂപ ഭരണാനുമതി നൽകുകയും 4.77 കോടി രൂപയുടെ |

സാങ്കേതികാനുമതിയും നല്കുകയും ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ആര്യാട് ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം നിർമ്മാണം പദ്ധതിയ്ക്ക് വേണ്ടിയുള്ള ആദ്യ ടെൻഡർ ക്യാൻസൽ ചെയ്യുകയുണ്ടായി. തുടർന്ന് റീ ടെൻഡർ നടപടികൾ സ്വീകരിക്കുകയും അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനായ ശ്രീ. ടോമി മാത്യൂവുമായി കരാറിൽ ഏർപ്പെടുകയും പ്രവൃത്തി ആരംഭിച്ചിട്ടുമുണ്ട്. 9 മാസമാണ് പദ്ധതിയുടെ പൂർത്തീകരണ കാലാവധി. ഈ പദ്ധതിയുടെ ഭാഗമായി പ്രീ എഞ്ചിനീയറിംഗ് ഇൻഡോർ മൾട്ടീ പർപ്പസ് കോർട്ട്, ഓഫീസ്, വനിതകൾക്കും പുരുഷൻമാർക്കുമായുള്ള പ്രത്യേക ടോയ്‌ലറ്റ് / ചെയ്ഞ്ച് റൂം സംവിധാനം, ഫിറ്റ്നസ് സെന്റർ, ഇലക്ട്രിഫിക്കേഷൻ എന്നീ സൗകര്യങ്ങളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

54% പ്രവൃത്തികൾ പൂർത്തീകരിച്ചു. ഓഫീസ് / ജിം കെട്ടിടത്തിന്റെ സ്ട്രക്ചറിൽ പ്രവൃത്തികൾ (ഫൗണ്ടേഷൻ, ഭിത്തികൾ, തൂണുകൾ, ബീമുകൾ, മേൽക്കൂര) എന്നിവ പൂർത്തീകരിച്ചു. പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ പുരോഗമിക്കുന്നു. 2026 ജനുവരി മാസത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

ആര്യാട് ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം നിർമ്മാണത്തിനായി 09.03.2022 തീയതിയിലെ സ.ഉ.(ആർറ്റി)നം. 52/2022/ എസ് വൈ എ നമ്പർ പ്രകാരം 4202-03-84-01 (P) ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത ശീർഷകത്തിൽ ഫണ്ടില്ലാതിരുന്നതിനാൽ, 27.05.2025 തീയതിയിലെ സ.ഉ.(ആർറ്റി)നം. 4738/2025/ഫിൻ നമ്പർ പ്രകാരം 58,82,000/- കോടി രൂപ 4202-03-102-84-02 (P) ശീർഷകത്തിൽ വകയിരുത്തിയിരുത്തി ക്കൊണ്ട് അഡീഷണൽ ഫണ്ട് അനുവദിക്കുകയും നിലവിൽ CC 1st & Part bill & CC 2nd & Part bill - 1,15,69,244/- (PMC & GST ഉൾപ്പടെ) തുക, കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്.

**2. ജി. എച്ച്. എസ്. എസ്. കണിച്ചുകുളങ്ങര മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണം**

കണിച്ചുകുളങ്ങര ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിൽ മൾട്ടീ പർപ്പസ് മിനി സ്റ്റേഡിയം സ്ഥാപിക്കുന്നതിനായി 2019 - 20 സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി 5 കോടി രൂപ ഭരണാനുമതി നൽകുകയും 4.76 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നല്കുകയും

ദർഘാസ് ക്ഷണിക്കുകയും ചെയ്തു. കണിച്ചുകുളങ്ങര ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിൽ മൾട്ടി പർപ്പസ് മിനി സ്റ്റേഡിയം നിർമ്മാണം പദ്ധതിയ്ക്ക് വേണ്ടിയുള്ള ആദ്യ ടെൻഡർ ക്യാൻസൽ ചെയ്യുകയുണ്ടായി. ആയതിനാൽ റീ ടെൻഡർ നടപടികൾ സ്വീകരിക്കുകയും അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനായ ശ്രീ. ടോമി മാത്യുവുമായി കരാറിൽ ഏർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 9 മാസമാണ് പദ്ധതിയുടെ പൂർത്തീകരണ കാലാവധി.

ഈ പദ്ധതിയുടെ ഭാഗമായി പ്രീ എഞ്ചിനീയറിംഗ് ഇൻഡോർ മൾട്ടി പർപ്പസ് കോർട്ട്, ഓഫീസ് കെട്ടിടം, കോൺഫറൻസ് ഹാൾ, ഫിറ്റനസ് സെന്റർ, മൂന്നു നിലകളിലുമായി വനിതകൾക്കും പുരുഷൻമാർക്കുമായുള്ള പ്രത്യേക ടോയ്‌ലറ്റ് / ചെയ്ഞ്ച് റൂം സംവിധാനം, ഇലക്ട്രിഫിക്കേഷൻ എന്നീ സൗകര്യങ്ങളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

നിലവിൽ 85% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. (ഓഫീസ് / ജിം കെട്ടിടത്തിന്റെ നിർമ്മാണം 90% വും, ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവൃത്തി 80% പൂർത്തീകരിച്ചു). 2025 ഡിസംബർ മാസത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

കണിച്ചുകുളങ്ങര ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിൽ മൾട്ടി പർപ്പസ് മിനി സ്റ്റേഡിയം 09.03.2022 തീയതിയിലെ സ.ഉ.(ആർറ്റി)നം. 52/2022/ എസ് വൈ എ നമ്പർ പ്രകാരം 5 കോടി രൂപ 4202-03-84-01 (P) ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത ശീർഷകത്തിൽ ഫണ്ടില്ലാതിരുന്നതിനാൽ ബിൽ തുക ലഭ്യമാകതിരുന്ന കാരണത്താൽ കരാറുകാരൻ മൂന്നു തവണകളായി താത്കാലികമായി പ്രവൃത്തി നിർത്തിവച്ചു. ഇതിനാൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ കാലതാമസം നേരിട്ടു.

നിലവിൽ CC 1st & Part bill & CC 2nd & Part bill & CC 3rd & part bill - 2,33,23,143/- (PMC & GST ഉൾപ്പടെ) തുക, കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്.

3. **ഒരു പഞ്ചായത്ത് ഒരു കളിക്കളം - എസ് ഡി വി സ്കൂൾ കളിസ്ഥലത്തിന്റെ കായിക അടിസ്ഥാന വികസനം**

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി എസ് ഡി വി സ്കൂൾ കളിസ്ഥലത്തിന്റെ

കായിക അടിസ്ഥാന വികസനം പ്രവൃത്തിയ്ക്ക് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും കായിക യുവജനകാര്യ ഡയറക്ടറുടെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷവും കൂടി ചേർത്ത് ഒരു കോടി രൂപയുടെ സമഗ്ര ഭരണാനുമതി 16.03.2024 ൽ നല്കിയിരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ 30.04.2024 തീയതിയിൽ 93,89,000/- രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/s. പ്രൈംടെക് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന് 22.10.2024 പ്രവൃത്തിയുടെ വർക്ക് ഓർഡർ നല്കുകയും 01.11.2024 ൽ കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. 6 മാസമാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി.

'കോടതിപാലം' പുനർനിർമ്മിക്കുന്നതിന്റെ ഭാഗമായി പൈൽലോഡ് ടെസ്റ്റ് നടന്നതിനാൽ സൈറ്റിലേക്കുള്ള പ്രവേശനം ബാരിക്കേട് വെച്ച് തടഞ്ഞിരുന്നു. 12.01.2025 നാണ് സൈറ്റിലേയ്ക്കുള്ള പ്രവേശനം സാധ്യമായത്. 12.01.2025 ന് നിർമ്മാണത്തിനായി സൈറ്റ് കൈമാറുകയും 13.01.2025 ന് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു.

ഗ്രൗണ്ട് നവീകരണ പ്രവൃത്തികൾ, മഡ് കോർട്ട്, ഡ്രെയിനേജ്, ലോങ് ജംപ്പിറ്റ് സ്റ്റെപ്പ് ഗ്യാലറി, ഫെൻസിംഗ് എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 5% പ്രവൃത്തി (ഗ്രൗണ്ട് ലെവലിംഗ്, സ്റ്റെപ്പ് ഗ്യാലറി) പൂർത്തീകരിച്ചു. ഡ്രെയിനേജിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. 2025 നവംബർ മാസത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

കടുത്ത മഴകാരണം ഗ്രൗണ്ടിൽ ഉണ്ടായ വെള്ളകെട്ടും, സ്കൂളിന്റെ ഭാഗത്തുനിന്നും ഡ്രെയിനേജിനായുള്ള അധിക പ്രവൃത്തികൾ ഗ്രൗണ്ടിൽ നടന്നതുമൂലം പ്രസ്തുത ഗ്രൗണ്ടിന്റെ പ്രവൃത്തികൾക്ക് കാലതാമസം നേരിട്ടു.

**4. മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിലെ യുവഭാരത് സാംസ്കാരിക നിലയത്തിൽ വോളീബോൾ കോർട്ടിന്റെയും പുതിയ കെട്ടിടത്തിന്റെയും നിർമ്മാണം.**

ആലപ്പുഴ മണ്ഡലത്തിലെ മാരാരിക്കുളം യുവഭാരത് സാംസ്കാരിക നിലയം പുതിയ കെട്ടിടവും ഇൻഡോർ വോളീബോൾ കോർട്ടിന്റെ നിർമ്മാണ പ്രവൃത്തിയും 08.09.2025 തീയതിയിൽ പൂർത്തീകരിച്ചു.

| | | | |
|---|---|---|---|
| | | | **5. മാരാരിക്കുളം ഉദയകുമാർ സ്മാരക വോളീബോൾ അക്കാഡമിയുടെ നവീകരണം**<br><br>ആലപ്പുഴ മണ്ഡലത്തിലെ ഉദയകുമാർ സ്മാരക വോളീബോൾ കോർട്ട് നിർമ്മാണ പ്രവൃത്തിയും 05.02.2024 തീയതിയിൽ പൂർത്തീകരിച്ചു.<br><br>**6. സെന്റ് അഗസ്റ്റിൻ ഹൈ സ്കൂൾ ഗ്രൗണ്ട് - ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**<br><br>ആലപ്പുഴ ജില്ലയിലെ ആലപ്പുഴ മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി സെന്റ് അഗസ്റ്റിൻ ഹൈ സ്കൂൾ ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയുടെ ഭരണാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ